**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6394** **20-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിന് വനം വകുപ്പ് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികളും സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കാമോ? | (എ) | വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വനം വകുപ്പ് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് താഴെ പറയുന്ന പരിപാടികളും നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന വന വിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി നടപ്പാക്കി വരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യ കർമ്മ പരിപാടി. ഇത്തരത്തിൽ 69 വനശ്രീ യൂണിറ്റുകൾ (രണ്ടു മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ) വഴി വിപണനം നടത്തുന്നതിലൂടെ വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അതിലൂടെ വനാശ്രിതരായ ആദിവാസികളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.<br><br>കേന്ദ്ര പട്ടിക വർഗ്ഗ കാര്യമന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന TRIFED-ന്റെ ധന സഹായത്തോടെ വനം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന MSP for MFP പദ്ധതി വഴി കേരളത്തിലെ വനങ്ങളിൽ ലഭ്യമായ കാട്ടുതേൻ ഉൾപ്പടെ 26 ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി വഴി വനവിഭവങ്ങളുടെ ശേഖരണ-വിപണന സംവിധാനത്തിനായി HAAT ബസാറുകളുടെ നിർമ്മാണം, നിലവിലുള്ള HAAT ബസാറുകളുടെ ആധുനികവത്കരണം, ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയും നടത്തിയിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ തേൻ ശേഖരണത്തിനായി വന വികസന ഏജൻസി (FDA) തലത്തിൽ Revolving |

Fund രൂപീകരിക്കുന്നതിനുള്ള ധന സഹായവും നൽകി വരുന്നുണ്ട്.

ചെറുകിട വന വിഭവങ്ങളുടെ ചില്ലറ വിപണനത്തിനും മൂല്യവർദ്ധനവിനും പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ വൻ ധൻ വികാസ് യോജന (Van Dhan Vikas Yojana)യ്ക്ക് കീഴിൽ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVKs) പ്രവർത്തിച്ച് വരുന്നു. ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനയിലൂടേയും വിപണനത്തിലൂടേയും വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ശാക്തീകരണത്തിനായിട്ടാണ് VDVK-കൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് TRIFED-ന്റെ ധനസഹായത്തോടെ 44 VDVK-കൾ ആരംഭിച്ചിട്ടുണ്ട്.

എല്ലാ വർഷവും വനവിഭവ ശേഖരണത്തിനായി കേരള സംസ്ഥാന പട്ടിക ജാതി/ പട്ടികവർഗ്ഗ വികസന ഫെഡറേഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി വനം വകുപ്പ് അതത് സംഘങ്ങളുടെ പ്രവർത്തന മേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ച് വരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ഫെഡറേഷൻ വഴി വിപണനം നടത്തി വരുന്നു.

വനാതിർത്തികളിൽ താമസിക്കുന്നവർക്ക് ഔഷധസസ്യ കൃഷിയിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വനം വകുപ്പ് 'വന ഔഷധ സമൃദ്ധി' എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ VSS/EDC-കൾ വഴി ഔഷധ സസ്യങ്ങൾ, പ്രത്യേകിച്ച് മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കുക വഴി, അവർക്ക് മികച്ച വരുമാനം പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഘടക സ്ഥാപനമായ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മഞ്ഞൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നു.

കൂടാതെ പങ്കാളിത്ത വന പരിപാലനത്തിന് കീഴിൽ കേന്ദ്ര ഏജൻസികളുടെ ധനസഹായത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി , ദേശീയ ഔഷധ സസ്യ ബോർഡിന്റെ പദ്ധതി എന്നിവകളിലെ വനവൽക്കരണ-വന സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴിയും

| | | | |
|---|---|---|---|
| | | | വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം ഉയരുന്നതിനും സഹായകരമാകുന്നു. |

സെക്ഷൻ ഓഫീസർ